**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2846 10.05.2017- ൽ മറുപടിയ്ക്ക്

## മിശ്രവിവാഹിതർക്കുള്ള ആനുകൂല്യങ്ങൾ

ചോദ്യം

**ശ്രീ.ജയിംസ് മാത്യു**

മറുപടി

**ശ്രീ.പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | മിശ്ര വിവാഹിതരുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | ഇല്ല. |
| (ബി) | നിലവിൽ മിശ്ര വിവാഹിതർക്ക് എന്തെല്ലാം ധനസഹായങ്ങളും മറ്റു സൗകര്യങ്ങളുമാണ് നൽകിവരുന്നത് ;വിശദമാക്കുമോ; | (ബി) | സാമൂഹ്യനീതി വകുപ്പിൽ നിന്നും നിലവിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് ധനസഹായമായി 30,000/-രൂപ നൽകിവരുന്നുണ്ട്. നിലവിൽ കഷ്ടതയനുഭവിക്കുന്ന പട്ടികജാതി വിഭാഗത്തിലെ മിശ്രവിവാഹ ദമ്പതികൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സ്വയംതൊഴിൽ ചെയ്യുന്നതിനായി 50,000/-രൂപ അനുവദിച്ചു വന്നത് ഇപ്പോൾ 22.3.2017 ലെ സ.ഉ. (കൈ) നം.20/2017/പജപവവിവ പ്രകാരം 75,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മിശ്രവിവാഹിതരായ പട്ടികജാതി-ക്കാർക്ക് വകുപ്പിന്റെ മറ്റ് എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് ജീവനോപാധി പ്രവർത്തനങ്ങൾക്കായി 50,000/-രൂപ ധനസഹായം |

| | | | |
|---|---|---|---|
| | | | അനുവദിച്ചുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട മിശ്ര-വിവാഹിതരായ ദമ്പതിമാരുടെ മക്കൾക്ക് എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകിവരുന്നു. |
| (സി) | മിശ്രവിവാഹിതരുടെ മക്കൾക്ക് വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ സംവരണം നൽകുന്നതിന് ഇപ്പോൾ എന്തെങ്കിലും വ്യവസ്ഥകളുണ്ടോ; ഉണ്ടെങ്കിൽ അവ വ്യക്തമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | മിശ്രവിവാഹങ്ങൾ പ്രോത്സാഹി-പ്പിക്കുന്നതിനും എളുപ്പത്തിൽ നിയമസാധുത നൽകുന്നതിനും സമൂഹത്തിൽ മതേതര കുടുംബങ്ങൾക്ക് സാമൂഹ്യസുരക്ഷയും സഹായവും നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | മിശ്രവിവാഹം പ്രോത്സാഹി-പ്പിക്കുന്നത് ലക്ഷ്യമാക്കിയാണ് സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നത്. |

**സെക്ഷൻ ഓഫീസർ.**